മണലിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട അംഗങ്ങളുടെയും സ്ഥലത്തെ തഹസിൽദാരുടെയും സാന്നിദ്ധ്യത്തിൽ പ്രസ്തുത ലേലം നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ടണ്ണിന് 10 രൂപ പ്രകാരം വകുപ്പിന് റോയൽറ്റി ലഭിക്കും.

(സി) ഉണ്ട്.

(ഡി) ജില്ലാ കളക്ടർ (ചെയർമാൻ), ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൺവീനർ), വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ (സർക്കാർ നോമിനി), രണ്ട് പരിസ്ഥിതി പ്രവർത്തകർ (സർക്കാർ നോമിനി), പൊതു മരാമത്ത് വകുപ്പ് എഞ്ചിനീയർ (സർക്കാർ നോമിനി), ജില്ലാ ജിയോളജിസ്റ്റ് (സർക്കാർ നോമിനി), ഡി.എഫ്.ഒ. (സർക്കാർ നോമിനി), ജില്ലാ പഞ്ചായത്ത് മെമ്പർ (സർക്കാർ നോമിനി), ജില്ലാ ലേബർ ഓഫീസർ (സർക്കാർ നോമിനി), പോലീസ് സൂപ്രണ്ട് (സർക്കാർ നോമിനി), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (സർക്കാർ നോമിനി), മുനിസിപ്പൽ ചെയർമാൻ (സർക്കാർ നോമിനി), ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും രണ്ടു പേർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും ഒരാൾ, ഹൈഡ്രോളജിസ്റ്റ് (സർക്കാർ നോമിനി) എന്നിവർ ഉൾക്കൊള്ളുന്നതാണ് കമ്മിറ്റി.

(ഇ) 2003 മുതൽ തഹസിൽദാർമാരും പഞ്ചായത്ത് സെക്രട്ടറിമാരുമാണ് പാസ്സ് വിതരണം നടത്തുന്നത്.

മണ്ണെടുക്കുന്നതിന് പാസ്സ്

21 [2793] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മണ്ണെടുക്കുന്നതിന് പാസ് നൽകുന്നത് ഏതെല്ലാം നിബന്ധനകൾ പ്രകാരം എന്തൊക്കെ ആവശ്യങ്ങൾക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച പാസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; ഈയിനത്തിൽ ലഭിച്ച ഫീസ് എത്രയാണ്;

(സി) എറണാകുളം ജില്ലയിൽ ജനപ്രതിനിധികളുടെയും വിദഗ്ധ സമിതിയുടെയും സംയുക്ത യോഗത്തിൽ തുടർന്ന് കരിമണൽ എടുക്കുന്നതിനുള്ള പാസ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ച ശേഷം പാസ് കൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആർക്കെല്ലാം;

(ഇ) ഏറ്റവും ഒടുവിൽ പാസ് കൊടുത്ത തീയതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1967-ൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ നിബന്ധനകൾക്കു വിധേയമായിട്ടാണ് കരിമണൽ കൊണ്ടുപോകാൻ പാസ് നൽകുന്നത് പ്രധാനമായും നിർമ്മാണ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായിട്ടാണ് മണൽ ഉപയോഗിക്കുന്നത്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന ശേഷം നൽകിയ പാസ്സുകളുടെ കണക്ക് താഴെ നൽകുന്നു:—

ജില്ല	പാസ്സുകളുടെ എണ്ണം	ഈടാക്കിയ തുക
തിരുവനന്തപുരം	8,128	₹. 4,06,410
കൊല്ലം	32,140	₹. 14,21,000
പത്തനംതിട്ട	3,738	₹. 1,69,300
തൃശ്ശൂർ	81,647	₹. 40,85,500
എറണാകുളം	74,256	₹. 25,04,640
പാലക്കാട്	74,016	₹. 23,41,350
കോഴിക്കോട്	1,300	₹. 67,860
വയനാട്	22,446	₹.. 8,21,350
കാസറഗോഡ്	48,279	₹. 13,30,150
ആലപ്പുഴ	52,462	₹. 26,23,100

കണ്ണൂർ, മലപ്പുറം ജില്ലകളിൽ പാസ് നൽകിയിട്ടില്ല. കോട്ടയം, ഇടുക്കി ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. പിന്നീട് തീരുമാനം എടുത്തതു പ്രകാരമാണ് പാസ് നൽകിയത്.

(ഡി) 1. അവറാച്ചൻ, റ്റി. സി.
2. അരുൺ കുമാർ, വി. എ.
3. പി. ജെ. സിജോ
4. കെ. പി. വേണുഗോപാൽ
5. സി. എം. മുഹമ്മദ്
6. കെ. എം. ഷൈൻ
7. റ്റി. ഡി. തോമസ്
8. ആൽബി ജോസ്

LIBRARY ARCHIVES Kerala Legislative Assembly

9. ജിജി തോംസൺ
10. എം. എച്ച്. ഷമീർ
11. സി. എം. അനാസ്
12. പി. വി. നജീബ്
13. പി. എം. മാഹിൻ
14. ഇ. എം. ബാബു
15. കെ. വി. ഹരി
16. ലിയാക്കത്ത് അലി മൂപ്പൻ
17. ബാബു തോമസ്
18. എ. കെ. ഡേവിസ്
19. എം. കെ. സുകുമാർ
20. ഇ. എം. ശിഹാബ്
21. എം. കെ. ശശികുമാർ
22. കെ. ആർ എബ്രഹാം

(ഇ) 11-3-2005.

വസ്ത്രക്കയറ്റുമതിയുമായി ബന്ധപ്പെട്ട നികുതി ഘടനയിൽ മാറ്റം വരുത്താൻ നടപടി

22 [2794] ശ്രീ. പി. ജെ. ജോയി :
,, സി. പി. മുഹമ്മദ് :
,, ജി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്ത്രക്കയറ്റുമതിയുമായി ബന്ധപ്പെട്ട വിവിധ ഉല്പന്നങ്ങളുടെ നികുതി ഘടനയെന്തെന്ന് വിശദീകരിക്കുമോ;

(ബി) വസ്ത്രക്കയറ്റുമതി സംബന്ധിച്ച കാട്ട സിസ്റ്റം ഇല്ലാതായതോടുകൂടി സംസ്ഥാനത്ത് നിന്നുള്ള വസ്ത്രക്കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത നികുതി ഘടനയിൽ മാറ്റം വേണമെന്ന് കരുതുന്നുണ്ടോ;

(സി) നിലവിലുള്ള നികുതികൾ കയറ്റുമതി വിലയെ ഏതെല്ലാം വിധത്തിൽ അനുകൂലമോ പ്രതികൂലമോ ആയി ബാധിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly